1. കെസ്റ്റു (കേരള സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺഎംപ്ലോയ്ഡ്)

2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്

3 ശരണ്യാപദ്ധതി

പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) മൂന്ന് സ്വയംതൊഴിൽ പദ്ധതികളും ആരംഭിച്ച് ഇതുവരെ വിതരണം നടത്തിയ തുകയുടെയും, ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ചുള്ള വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതികൾക്കായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ ജില്ല തിരിച്ചുള്ള വിവരം എംപ്ലോയ്മെന്റ് വകുപ്പ് കണക്കാക്കിയിട്ടുണ്ട്. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/കെസ്റ്റു പദ്ധതികൾ ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ ആണ്. ബാങ്കുവായ്പ അനുവദിക്കുന്ന മുറയ്ക്കുമാത്രമേ വകുപ്പ് മുഖാന്തിരം സർക്കാർ സബ്സിഡി അനുവദിക്കൂ. നിലവിൽ ബാങ്കുവായ്പ അനുവദിച്ച് ഇനി സബ്സിഡി വിതരണം നടത്താനുള്ള ആരും അവശേഷിക്കുന്നില്ല. എന്നാൽ വായ്പ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം നാല് ആയിചേർക്കുന്നു.*

ഐ. ടി. മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ

213 (4499) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന ഗുരുതരമായ തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ ചില സ്ഥാപനങ്ങളിൽ തൊഴിൽ നിയമ ലംഘനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലാളികൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവ അവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളിഡേയും വേതനവും നിഷേധിക്കുക മുതലായ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനം നടത്തിയ സ്ഥാപന ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

ഇ. പി. എഫ് പെൻഷൻകാർ

214 (4500) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.പി.എഫ്. പെൻഷൻകാർ ഉണ്ട്;

(ബി) ഇ.പി.എഫ്. പെൻഷൻകാരെ സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3,17,991 പേർ (30/11/14-ലെ കണക്കു പ്രകാരം).

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ഐ. ടി. ഐ. കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതി

215 (4501) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഐ.കളെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ഐ.റ്റി.ഐ.കളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയതു സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിനായി പ്രസ്തുത ഐ.റ്റി.ഐ.കളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly